LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 17, ചൊവ്വ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1985 സെപ്റ്റംബർ 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ചോദ്യം 198.

രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുകൾ വയ്ക്കുന്ന പദ്ധതി

* [198]. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, ഇ. പത്മനാഭൻ:
,, സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമുറ്റി പകരം തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിന് നായനാർ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ;

(സി) തെങ്ങ് വെട്ടിമാറ്റിയവർക്ക് സഹായം കൊടുക്കാത്ത എത്ര ബ്ലോക്കുകൾ ഉണ്ട്;

(ഡി) സഹായം ലഭിക്കാൻ ബാക്കിയുള്ളവർക്ക് എന്ന് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) 1984-85-ൽ ഇതിനുവേണ്ടി എന്തു തുക ചെലഴിച്ചു;

(എഫ്) 1985-86-ൽ ഇതിലേക്കായി എന്തു തുക വക കൊള്ളിച്ചിട്ടുണ്ട്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല. എന്നാൽ നാളികേരവികസനബോർഡിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും പദ്ധതികൾക്കനുസരിച്ച് രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങുകൾ വെച്ചുപിടിപ്പിക്കുതിനുള്ള പരിപാടി നടപ്പാക്കുന്നുണ്ട്.

(ബി) ബ്ലോക്കടിസ്ഥാനത്തിലല്ല ഈ പരിപാടി നടപ്പാക്കുന്നത്. പഞ്ചായത്തടിസ്ഥാനത്തിലാണ്.

(സി) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി മൂന്നുലക്ഷത്തിഇരുപത്തിനാലായിരത്തോളം രൂപ കൊടുക്കാനുണ്ട്.

(ഡി) നടപടികൾ എടുത്തുവരികയാണ്.

(ഇ) 5.151 ലക്ഷം രൂപ.

(എഫ്) 68.25 ലക്ഷം രൂപ. ഇതിൽ 50.50 ലക്ഷം രൂപ തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള സബ്സിഡിയും 17.75 ലക്ഷം രൂപ പകരം തൈ വയ്ക്കുന്നതിനും വളം ചേർക്കുന്നതിനുമുള്ള സബ്സിഡിയുമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ഇതുവരെ ഈ പദ്ധതി അനുസരിച്ച് അപേക്ഷിച്ചവർക്ക് എന്തു തുക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള സഹായമായി 3,19,500 രൂപയാണ് കൊടുക്കാനുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ; പഞ്ചായത്തടിസ്ഥാനത്തിൽ എന്നുള്ളത് മാറ്റി രോഗം പിടിപെട്ടിട്ടുള്ള തെങ്ങ് മുറിച്ചുമാറ്റുന്നതിനും മോശമായ കായ്ഫലമുള്ള തെങ്ങ് മുറിച്ചുമാറ്റുന്നതിനും അത്യുൽപാദന ശേഷിയുള്ള നല്ല തെങ്ങിൻതൈ വയ്ക്കുന്നതിനുമുള്ള സമഗ്രമായ പരിപാടിക്രമം ആവിഷ്കരിക്കാൻ ഗവൺമെന്റിന് താൽപ്പര്യമുണ്ടോ? അതിനെ പറ്റി എന്താണ് അഭിപ്രായം?

ശ്രീ. എ. എൽ. ജേക്കബ്: കായ്ഫലമില്ലാത്തതും രോഗം ബാധിച്ചതുമായ തെങ്ങ് വെട്ടിമാറ്റി തൈവെച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനും പദ്ധതിയുമൊക്കെയുണ്ട്. അതിന് തൈ സബ്സിഡിനിരക്കിൽ കൊടുക്കുന്നുണ്ട്, വളവും കൊടുക്കുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്, കഴിഞ്ഞ വർഷം ഏതൊക്കെ ജില്ലകളിൽ ഈ പദ്ധതിയനുസരിച്ച് പണം നൽകിയെന്ന് വെളിപ്പെടുത്താമോ?

ശ്രീ. എ. എൽ. ജേക്കബ്: കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകൾക്കാണ്. നഷ്ടപരിഹാരമായി 76.5 ലക്ഷം രൂപ കൊടുത്തു. ആകെ രണ്ടു വർഷവും കൂടി വെട്ടിമാറ്റിയത് രണ്ടുലക്ഷത്തിനാലായിരം തെങ്ങുകളാണ്. അതിന് നൽകിയ നഷ്ടപരിഹാരം 151 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കുന്നത് ഏളുപ്പമാർഗ്ഗമാണ്. നമുക്ക് വെള്ളായണി കാർഷിക കോളേജും മണ്ണുത്തി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമൊക്കെ ഉണ്ട്. കുറെ കൊല്ലങ്ങളായി ഗവേഷണ പരീക്ഷണങ്ങൾ നടത്തുകൊണ്ടിരിക്കുകയാണ്. രോഗബാധിതമായ തെങ്ങിന് എന്തെങ്കിലും ചികിൽസ മണ്ണുത്തി അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഗവേഷകൻമാർ കണ്ടുപിടിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഗവേഷണം നടത്തി രോഗബാധിതമായ തെങ്ങിനെ ചികിൽസിച്ച് സുഖപ്പെടുത്താനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. എ. എൽ. ജേക്കബ്: നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലങ്ങളായി ചികിൽസിക്കുന്നുമുണ്ട്. ഇപ്പോഴും വലിയ ഗുണമൊന്നുമില്ല. എങ്കിലും ചികിൽസിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. വി. ദിനകരൻ: രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റുന്നതിന് കൊടുക്കുന്ന കോമ്പൻസേഷൻ 75 രൂപയാണ്. അതേസമയത്ത് പ്രകൃതി ക്ഷോഭം മൂലം ഒരു തെങ്ങ് നഷ്ടപ്പെട്ടാൽ 125 രൂപവരെ കൊടുക്കാനുള്ള പ്രൊവിഷൻ ഉണ്ടെന്നോണാ മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ 75 രൂപ എന്നുള്ള തുക വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ഇപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): ഈ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത് എന്തടിസ്ഥാനത്തിലാണ്? കൂടുതൽ രോഗം ബാധിച്ച തെങ്ങുകളുള്ള പഞ്ചായത്തുകളിൽ പലതിനേയും തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ ചില പ്രത്യേക താൽപ്പര്യമനുസരിച്ച് ചില പഞ്ചായത്തുകളെ തെരഞ്ഞെടുക്കപ്പെട്ടതായിട്ടുള്ള ആക്ഷേപം വല്ലതും ലഭിച്ചിട്ടുണ്ടോ? തെരഞ്ഞെടുക്കപ്പെടാത്ത പഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇങ്ങനെയൊരു പരാതി കിട്ടിയിട്ടില്ല. രോഗം ബാധിച്ച എല്ലാ സ്ഥലങ്ങളിലും എല്ലാ പഞ്ചായത്തുകളിലും തെങ്ങുകൾ വെട്ടിമാറിയിട്ടുണ്ട്, മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): എന്തടിസ്ഥാനത്തിലാണ് ഈ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: രോഗം കൂടുതൽ ബാധിച്ചിരിക്കുന്ന സ്ഥലങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ: രോഗം ബാധിച്ച സ്ഥലമാണ് മാനദണ്ഡമെങ്കിൽ പഞ്ചായത്തോ ജില്ലയോ, സ്റ്റേറ്റോ ഒന്നുമല്ല രോഗമാണ്. ഇവിടെ കൊടുത്തിട്ടുള്ളത് നാലു ജില്ലയ്ക്കാണ്. 76.5 ലക്ഷം രൂപ കൊടുത്തു എന്നാണ് പറഞ്ഞത്. അത് കൊല്ലം, ആലപ്പുഴ, പത്തനംത്തിട്ട, എറണാകുളം (സ്വന്തം ജില്ല) തുടങ്ങിയവയാണ്. ഇത്തരത്തിൽ സ്വന്തം താൽപ്പര്യമനുസരിച്ചാണ് കൊടുത്തത്. മലബാർ മേഖലയിൽ ആറു ജില്ലകളുണ്ട്. അവിടെയൊക്കെ തെങ്ങുമുണ്ട്, രോഗവുമുണ്ട്. ആ നിലയ്ക്ക് അവിടെ നയാപൈസ കൊടുത്ത കണക്ക് ഇവിടെ പറഞ്ഞിട്ടില്ല. എന്തുകൊണ്ടാണ് മന്ത്രി ഈ

LIBRARY ARCHIVES Kerala Legislative Assembly

വിവേചനം കാണിക്കുന്നത്, കൊച്ചിക്കപ്പുറം പോകാത്തതെന്തുകൊണ്ടാണ് എന്നുള്ളതിനെപ്പറ്റി പറയണം. 76.5 ലക്ഷം രൂപ കൊടുത്തുവെന്നാണ് ഇവിടെ പറഞ്ഞത്. ഒരു നയാപൈസ പോലും കൊച്ചിക്കപ്പുറം പോയിട്ടില്ല. അത് എന്തുകൊണ്ടാണ്?

ശ്രീ. എ. എൽ. ജേക്കബ്: കൊച്ചിക്കപ്പുറം പോയിട്ടുണ്ട്, തെക്കുനിന്ന് വടക്കോട്ടാണ് രോഗം പിടിപെട്ടിട്ടുള്ളത്. കൊല്ലം ജില്ലയ്ക്ക് 22,000 രൂപയും പത്തനംതിട്ട ജില്ലയ്ക്ക് 4,000 രൂപയും ആലപ്പുഴ ജില്ലയ്ക്ക് 25,000 രൂപയും, കോട്ടയം ജില്ലയ്ക്ക്, 21,000 രൂപയും എറണാകുളം ജില്ലയ്ക്ക് 22,000 രൂപയും തൃശ്ശൂർ ജില്ലയ്ക്ക് 8,000 രൂപയും കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: അതിനപ്പുറം തെങ്ങില്ലേ? അതിനപ്പുറം നാശമില്ലേ? അതിനപ്പുറം വെട്ടിമാറ്റിയിട്ടില്ലേ? ഈ വിവേചനം കാണിക്കരുതെന്നേ ഞാൻ പറയുന്നുള്ളൂ. വല്ല പൈസയെങ്കിലും കൊടുക്കണം.

ശ്രീ. കെ. പി. പ്രഭാകരൻ: ആദ്യചോദ്യമായ 'എ' യ്ക്ക് ഉത്തരം പറഞ്ഞപ്പോൾ, ശ്രീ. നായനാർ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന സഹായപദ്ധതി ഇപ്പോൾ ഇല്ലെന്നു പറഞ്ഞു. പകരം നാളികേരബോർഡിന്റെയൊക്കെ ചില പദ്ധതികളാണുള്ളത്. മുമ്പുണ്ടായിരുന്ന പദ്ധതിയിൽ തെങ്ങുമുറിച്ചുമാറ്റൽ മാത്രമല്ല, രോഗപ്രതിരോധത്തിനുള്ള നടപടികളും സൗജന്യമായിട്ട് മരുന്ന് തളിക്കുന്നതിനു, മറ്റുമൊക്കെയുള്ള പരിപാടികളും അതിൽ ഉൾപ്പെട്ടിരുന്നു. അത് നിറുത്തലാക്കാൻ എന്താണ് കാരണം? അത് നിറുത്തലാക്കിയിട്ട് പുതിയ പദ്ധതിയനുസരിച്ച് എന്തൊക്കെ സഹായമാണ് ചെയ്യുന്നത്, ഏതൊക്കെ പ്രദേശങ്ങളിലാണ് കൊടുക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: രോഗം ബാധിച്ചതിന് മുമ്പ് പഞ്ചായത്തടിസ്ഥാനത്തിലാണ് ചെയ്തിരുന്നത്. ഇപ്പോൾ അത് ഗവൺമെന്റ് നേരിട്ട് ചെയ്യുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: നിലവിലുള്ളത് നിർത്തി. ഇപ്പോൾ പുതിയ പരിപാടിയനുസരിച്ച് എന്തു സഹായം ഏതൊക്കെ പ്രദേശത്താണ് ചെയ്യുന്നതെന്നാണ് ചോദിച്ചത്.

ശ്രീ. എ. എൽ. ജേക്കബ്: നാളികേരവികസനബോർഡിന്റെ സഹായത്തോടുകൂടി രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 75 രൂപ വീതം കൊടുക്കുന്നുണ്ട്. ഇതിന്റെ ചിലവിന്റെ 50 ശതമാനം നാളികേരവികസനബോർഡും 50 ശതമാനം സംസ്ഥാന ഗവൺമെന്റും വഹിക്കുന്നു. 1983-1984-ൽ ഇത് നടപ്പിലാക്കിയ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എല്ലാ പഞ്ചായത്തുകളിലുമാണ്.,

ശ്രീ. റ്റി. പി. പീതാംബരൻ മാസ്റ്റർ: ഇവിടെ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുകയല്ലാതെ വേറൊരു പ്രതിവിധിയുമില്ലെന്ന് പറഞ്ഞു. വെട്ടിമാറ്റിയ സ്ഥലത്ത് രണ്ടാമത് തൈ വെച്ചാലും ഇതുതന്നെയാണ് അനുഭവം എന്നുള്ള പശ്ചാത്തലത്തിൽ ഇതിന്റെ കാരണങ്ങൾ കണ്ടു പിടിച്ച് ഇനി വരാതിരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് എടുത്തിട്ടുണ്ടോ? അതിൽ എന്തെങ്കിലും പുരോഗതിയുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്; ഇതിനെക്കുറിച്ച് ഗവേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly